കേന്ദ്രസഹകരണബാങ്ക് പുനഃസംഘടന.

* 142. [14] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കേന്ദ്രസഹകരണബാങ്ക് പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ചു അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുവാൻ റിസർവ്വ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശോധന ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഫലം എന്തു?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ)

(എ) ഇല്ല.

(ബി) സി.) ചോദ്യം ഉദിക്കുന്നില്ല.

വെയിറിംഗ് ഷെഡ്ഡുകളും ഗാരേജുകളും.

* 143. [15] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തു് എത്ര വെയിറിംഗ് ഷെഡ്ഡുകളും ഗാരേജുകളും പണിയുന്നുണ്ടു്;

(ബി) എവിടെയെല്ലാം;

(സി) കായങ്കുളത്തു ഗാരേജു പണിയുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഏവിടെയാണു പണിയുന്നതു;

(ഇ) എന്നത്തേയ്ക്കു പണി തീരും?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇരുപതു വെയിറിംഗ് ഷെഡ്ഡുകൾ.

(ബി) അട്ടർ, പുനലൂർ, ഏനാത്തു്, ഇടമൺ, കരുനാഗപ്പള്ളി, ചവറ, ചിങ്ങവനം, കോട്ടപ്പുറം, ചെറിമാന്തുർ, വില്ലിക്കുറ, ഇരുച്ചകുളം, വട്ടിയൂർക്കാവു്, തിരുമല, വെഞ്ഞാറമൂടു്, വേളി, സദാനന്ദപുരം, കവടിയാർ (2) കിള്ളിപ്പാലം, പൂജപ്പുര.

(സി) ഉണ്ടു്.

(ഡി) കൃഷ്ണപുരം വില്ലേജിൽ താഴെ പറയുന്ന സർവ്വെ നമ്പരുകളിൽ നിന്നായി ഇതിനുവേണ്ടി അന്വേഷിക്കുകയും സ്ഥലം പൊന്നുംവിലയ്ക്കു് എടുക്കുന്നതിനു വേണ്ട നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണു്. സർവ്വെ നമ്പരുകൾ—5349, 5350, 5351 5353, 5354, (1), 5354 (2), 5363 (1), 5363 (2), 5364 (1), 5364 (2), 5365 (1), 5366, 5341 (എ. 2), 5341 (ബി 1), 5373, 5374, പുറമ്പോക്കു് 2½ സെന്റു്.

(ഇ) ഇപ്പോൾ തീർച്ചപറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. യശോധരൻ : ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം തന്നെ വേണമെന്നു് അവസാനമായി തീരുമാനിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly